**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1646 21/01/2014-ൽ മറുപടിയ്ക്ക്

## ചെറുകിട-നാമമാത്ര കർഷകർക്കുള്ള പെൻഷൻ കുടിശ്ശിക തീർക്കുന്നതിന് നടപടി

ചോദ്യം
ശ്രീ. കെ.കെ.ജയചന്ദ്രൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) ചെറുകിട-നാമമാത്ര കർഷകർക്ക് നൽകി വരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശിക നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) ആദ്യഘട്ടത്തിൽ ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് 2014 ജനുവരി മാസം വരെ പെൻഷൻ നൽകുന്നതിനാവശ്യമായ തുക പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഈ തുക കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകി വരുന്നു.<br><br>ആദ്യഘട്ടത്തിന് ശേഷം 60 വയസ്സ് പൂർത്തിയായ അർഹരായ കർഷകർക്ക് പെൻഷൻ നൽകുന്നതിനായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി) പെൻഷൻ വിതരണത്തിലെ കുടിശ്ശിക തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) പുതിയതായി തിരഞ്ഞെടുക്കപ്പെട്ട കർഷകർക്കുള്ള പെൻഷൻ നൽകുന്നതിനും നിലവിലുള്ള കർഷകർക്ക് 2014 ഫെബ്രുവരി -മാർച്ച് മാസങ്ങളിലെ പെൻഷൻ നൽകുന്നതിനും ആവശ്യമായ 7100.00 ലക്ഷം രൂപ എസ്.ഡി.ജി മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് എത്ര കർഷകർക്കാണ് നിലവിൽ പെൻഷൻ അർഹതയുള്ളതെന്ന വിവരം ലഭ്യമാക്കാമോ? | സി) സംസ്ഥാനത്ത് 313979 കർഷകർക്ക് നിലവിൽ പെൻഷന് അർഹതയുള്ളതായി കണക്കാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട 209518 കർഷകർക്ക് പെൻഷൻ നൽകുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ അർഹരായിട്ടുള്ള 104461 കർഷകർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**